**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 31 — 26.09.2011-ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ കസേരയിൽ അതിക്രമിച്ച് കയറിയിരുന്ന സംഭവം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.ഉമ്മൻ ചാണ്ടി. (മുഖ്യമന്ത്രി) |
| (എ) സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കസേരയിൽ ഒരാൾ അതിക്രമിച്ച് കയറിയിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ; എത് സമയം മുതൽ ഏത് സമയം വരെ എത്ര നേരം ഇയാൾ മുഖ്യമന്ത്രിയുടെ കസേരയിൽ ഇരിക്കുകയുണ്ടായെന്ന് വ്യക്തമാക്കാമോ ; | (എ,ബി, &സി) 3.8.2011-ന് പകൽ 12.15 മണിയ്ക്ക് മുഖ്യമന്ത്രിയുടെ ഓഫീസിൽ ചെല്ലചന്ദ്ര ജോസ് എന്നയാൾ അതിക്രമിച്ചു കടക്കുകയും മുഖ്യമന്ത്രിയുടെ കസേരയിൽ കുറേ നേരം ഇരിക്കുകയും ചെയ്തു. ടിയാനെതിരായി കന്റോൺമെന്റ് പോലീസ് ക്രൈം 617/2011 u/s 448, 188 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഈ കൃത്യത്തിൽ തുടർ നടപടികൾ കൈക്കൊള്ളേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം ഓൺ ലൈൻ ആയിരുന്നതിനാൽ ഇന്റർനെറ്റിൽ ഈ സംഭവം ലഭ്യമായിരുന്നു. ഇതിൽ സുരക്ഷാവീഴ്ചയൊന്നും ഉണ്ടായതായി കരുതുന്നില്ല. |
| (ബി) കമ്പ്യൂട്ടർ ശൃംഖലയിലൂടെ ക്യാമറകൾ റിക്കോർഡ് ചെയ്ത് ഇത് ലോകം മുഴുവൻ കാണിക്കുകയുണ്ടായോ; വിശദമാക്കാമോ; | |
| (സി) ഇതൊരു സുരക്ഷാവീഴ്ചയായി സർക്കാർ കരുതുന്നുണ്ടോ; പ്രസ്തുത സംഭവത്തെത്തുടർന്ന് കടന്നു കയറിയ ആളിനെതിരെ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | |

| | |
|---|---|
| (ഡി) സുരക്ഷാവീഴ്ചയുടെ പേരിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെ ആർക്കെല്ലാമെതിരെ നടപടി സ്വീകരിക്കുകയുണ്ടായി? | (ഡി) ആർക്കും എതിരെ നടപടി സ്വീകരിക്കുകയുണ്ടായിട്ടില്ല. |

Mayhel

സെക്ഷൻ ഓഫീസർ.